# കേരള നിയമസഭ
# 08.07.2013–ലെ മറുപടിക്ക്

<u>കോർപ്പറേഷനുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി</u>

5903 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം തയ്യാറാക്കപ്പെടുന്ന പദ്ധതികൾ ജനങ്ങൾക്ക് കൂടുതൽ നികുതി ഭാരം വരുത്തിവയ്ക്കുന്നതാണോ; വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിൽ ഖരമാലിന്യ സംസ്കരണം ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

തിരുവനന്തപുരം നഗരസഭയ്ക്കു നൽകിയ ഫണ്ടുകൾ

5904 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിവിധ വികസന പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം നഗരസഭയ്ക്ക് സർക്കാർ അനുവദിച്ചു നൽകിയ ഫണ്ടുകളെ സംബന്ധിച്ചു വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

**തിരുവനന്തപുരം നഗരസഭയെ ഓപ്റ്റ് ചെയ്തവര്‍ക്ക് പെന്‍ഷന്‍ ആനുകൂല്യങ്ങള്‍ നല്കുന്നതിന് നടപടി**

5905 ശ്രീ. സി. മോയിന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍സിപ്പല്‍ കോര്‍പ്പറേഷന്‍ ജീവനക്കാര്‍ക്ക് പെന്‍ഷന്‍ നല്കുന്നത് ഏതു വിധത്തിലാണെന്നും ഫണ്ടിന്റെ വിതരണം എങ്ങിനെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ വകുപ്പില്‍ നിന്നും റിട്ടയര്‍ ചെയ്ത് പെന്‍ഷന്‍ ആനുകൂല്യങ്ങള്‍ ലഭിക്കുന്നതിന് തിരുവനന്തപുരം നഗരസഭയെ ഓപ്റ്റ് ചെയ്തവര്‍ക്ക് നഗരസഭ പെന്‍ഷന്‍ ആനുകൂല്യങ്ങള്‍ നല്കുന്നില്ലെന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ അതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത പെന്‍ഷന്‍കാര്‍ക്ക് അടിയന്തിരമായി പെന്‍ഷന്‍ ആനുകൂല്യങ്ങള്‍ നല്കാനുള്ള നിര്‍ദ്ദേശം നല്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

നഗരസഭകളിൽ ആധുനിക അറവുശാലകളുടെ നിർമ്മാണം

5906 ശ്രീ. എം.ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിൽ ആധുനിക അറവുശാലകളുടെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) വൃത്തിയും വെടിപ്പുമുള്ള അറവുശാലകളിൽ നഗരസഭാധികൃതർ സർട്ടിഫൈ ചെയ്തിട്ടുള്ള മൃഗങ്ങളെ മാത്രമേ കശാപ്പ് ചെയ്യുന്നതിനായി ഉപയോഗിക്കുന്നുള്ളൂ എന്നുറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ നഗരസഭകളിൽ ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല ഏത് ഏജൻസിയ്ക്കാണ് നൽകിയിരിക്കുന്നത്;

(ഡി) 2013-2014 വർഷത്തിൽ എത്ര നഗരസഭകളിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ചാലക്കുടി മുനിസിപ്പാലിറ്റിയിലെ മാലിന്യ പ്രശ്നം</u>

5907 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പാലിറ്റിയിലെ രൂക്ഷമായ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ശാശ്വതമായി ഈ പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>മുനിസിപ്പൽ ഡയറക്ടറേറ്റിലെയും മുനിസിപ്പൽ കോമൺസർവ്വീസിലെയും ജിവവക്കാരെ ഇന്റഗ്രേറ്റ് ചെയ്യുന്നത്</u>

5908

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നത് സംബന്ധിച്ച് നയം വ്യക്തമാക്കാമോ;

(ബി) മുൻസിപ്പൽ ഡയറക്ടറേറ്റിലെയും മുൻസിപ്പൽ കോമൺ സർവ്വീസിലെയും ജീവനക്കാരെ ഇന്റഗ്രേറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ ഇ.പി.എഫ്. പദ്ധതിയുടെ കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയായിട്ടുണ്ടോ; എല്ലാ ജീവനക്കാർക്കും പി.എഫ് ക്രെഡിറ്റ് കാർഡ് നൽകിയിട്ടുണ്ടോ; ഇതിനു വരുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>തലസ്ഥാന നഗരവികസന മാസ്റ്റർ പ്ലാൻ</u>

5909 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തലസ്ഥാന നഗരവികസന പ്ലാനിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

നഗരങ്ങൾക്ക് വ്യക്തമായ മാസ്റ്റർപ്ലാൻ

5910 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
'' എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങൾക്ക് വ്യക്തമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ;

(ബി) നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള വികസന പ്രവർത്തനങ്ങളും നിർമ്മാണ പ്രവൃത്തികളും വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് ദീർഘവീക്ഷണമുള്ളതും കുറ്റമറ്റതുമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>രാജീവ് ആവാസ് യോജന</u>

5911 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജീവ് ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) കേരളത്തെ ചേരിരഹിത സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) എവിടെയൊക്കെയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) എവിടെയൊക്കെ ഈ പദ്ധതി നടപ്പാക്കിവരുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ

5912 ശ്രീ. റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, ഷാഫി പറമ്പിൽ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര മുനിസിപ്പാലിറ്റികളാണ് പ്രസ്തുത പദ്ധതിയനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുളളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയിലെ പ്രധാന ടൗണുകളുടെ മാസ്റ്റര്‍ പ്ലാന്‍</u>

5913 ശ്രീ.ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പ്രധാന ടൗണുകളുടെ മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കുന്നതിന് ഏത് ഏജന്‍സിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ബി) പ്രധാന ടൗണുകള്‍ എന്നത് കൊണ്ടുദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമാക്കുമോ;

(സി) കണ്ണൂര്‍ ജില്ലയിലെ ഏതെല്ലാം ടൗണുകളാണ് ഈ പദ്ധതിയില്‍ ഉള്‍പ്പെട്ടിട്ടുള്ളത്;

(ഡി) കണ്ണൂര്‍ ജില്ലയിലെ ഏതെല്ലാം ടൗണുകളുടെ മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കിക്കഴിഞ്ഞുവെന്നും മറ്റുള്ള ടൗണുകളുടെ മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കുന്ന നടപടി ഏതു പട്ടണത്തിലാണെന്നും വ്യക്തമാക്കുമോ;

(ഇ) പ്രധാന ടൗണുകളുടെ മാസ്റ്റര്‍ പ്ലാന്‍ തയ്യാറാക്കി കഴിഞ്ഞാല്‍ സമഗ്ര വികസനത്തിനുള്ള പദ്ധതികള്‍ നടപ്പിലാക്കുന്നതു സംബന്ധിച്ച ഗവണ്‍മെന്റിന്റെ നയം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>ഖരമാലിന്യനിർമ്മാർജ്ജന ഉപാധികൾ</u>

5914 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധുനിക ഖരമാലിന്യ നിർമ്മാർജ്ജന ഉപാധികൾ ഏതെല്ലാം നഗര–തദ്ദേശഭരണസ്ഥാപനങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ എങ്ങനെയെല്ലാമാണ് വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

ഖരമാലിന്യ സംസ്ക്കരണത്തിന് ക്യൂബൻ സാങ്കേതിക വിദ്യ

5915 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ഖരമാലിന്യ സംസ്ക്കരണത്തിന് ജൈവ വസ്തുക്കൾത്തന്നെ ഉപയോഗിച്ച് നീക്കം ചെയ്യുന്നതിന് ക്യൂബ വികസിപ്പിച്ചെടുത്തുവെന്ന് പറയുന്ന സാങ്കേതിക വിദ്യയെക്കുറിച്ച് അറിവുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തി പ്രസ്തുത മാതൃക നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

മലിനജല നിർമ്മാർജ്ജന പദ്ധതികൾ

5916 ശ്രീ. സി. ദിവാകരൻ
,, കെ. രാജു
,, ഇ. കെ. വിജയൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോർപ്പറേഷനുകളിൽ മലിനജല നിർമ്മാർജ്ജന പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ ഈ പദ്ധതിക്കായി എ.ഡി.ബി വായ്പ അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമോ; ഈ പദ്ധതികൾ എവിടെയെല്ലാം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ വന്നേക്കും; ഇതുമൂലം വായ്പ തുക നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടോ;

(സി) ഉണ്ടെങ്കിൽ വായ്പ തുക മുടങ്ങുന്നതുമൂലം ചെലവാക്കിയ തുക എങ്ങനെ കണ്ടെത്താനാകുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>സെപ്റ്റിക് ടാങ്ക് മാലിന്യ സംസ്കരണശാല</u>

5917 ശ്രീ. പി. സി. വിഷ്ണുനാഥ്
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സെപ്റ്റിക് ടാങ്ക് മാലിന്യ സംസ്കരണശാല നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) ഏതു പദ്ധതിയുടെ ഭാഗമായാണ് ഇതു നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിന് സഹായം നൽകുന്നത്;

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

ശുചിത്വകേരളം പദ്ധതി

5918 ശ്രീ. വര്‍ക്കല കഹാര്‍
'' എ. പി. അബ്ദുള്ളക്കുട്ടി
'' ആര്‍. സെല്‍വരാജ്
'' ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ശുചിത്വ കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം;

(ബി) ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് ഈ പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത്;

(സി) എന്തെല്ലാം പരിപാടികളാണ് ഈ പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>തൃശൂർ ശക്തൻ തമ്പുരാൻ ബസ് സ്റ്റാന്റ്</u>

5919 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ കോർപ്പറേഷൻ വക ശക്തൻ തമ്പുരാൻ ബസ് സ്റ്റാന്റ് സ്ഥാപിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; വികസന രൂപരേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ബസ് സ്റ്റാന്റിനുവേണ്ടി അക്വയർ ചെയ്ത സ്ഥലത്ത് വികസന ലക്ഷ്യത്തിനു വിരുദ്ധമായി, വ്യാപകമായി ചെറുകിട കെട്ടിടങ്ങൾ ആസൂത്രണരഹിതമായി നിർമ്മിച്ച് വികസന സാധ്യത ഇല്ലാതാക്കുന്ന കോർപ്പറേഷന്റെ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൃശൂർ ശക്തൻ തമ്പുരാൻ ബസ് സ്റ്റാന്റ് സംസ്ഥാനത്തെ ഏറ്റവും വലിയ ബസ് സ്റ്റാന്റായി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ഇളവുകൾ</u>

5920 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഈ സർക്കാർ വന്നതിനു ശേഷം എന്തെല്ലാം ഇളവുകളാണ് നൽകിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പട്ടണപ്രദേശങ്ങളിലും മുനിസിപ്പൽ പ്രദേശങ്ങളിലും കച്ചവട സ്ഥാപനങ്ങൾക്കുവേണ്ടി കെട്ടിടങ്ങൾ പണിയുമ്പോഴും, വീടുകൾ പണിയുമ്പോഴും റോഡിൽ നിന്നുള്ള ദൂരപരിധി എത്രയാകണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്; ഇപ്രകാരമുള്ള വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ നഗരസഭകൾ ഈ സർക്കാരിന്റെ കാലയളവിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്ന് അറിയിക്കുമോ;

(സി) റസിഡൻഷ്യൽ പർപ്പസിനല്ലാതെ നഗരസഭാതിർത്തിയിൽ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സ്ഥലം വേണമെന്ന് നിഷ്ക്കർഷിക്കാറുണ്ടോ; ഇതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കുമോ; ഇപ്രകാരം വ്യവസ്ഥകൾ ലംഘിച്ച എത്ര കേസ്സുകൾ ഈ സർക്കാരിന്റെ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പറയാമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ പദ്ധതികൾ</u>

5921 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ന്യൂനപക്ഷക്ഷേമത്തിനായി ഇപ്പോൾ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെ എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഓരോ പദ്ധതിയിലൂടെയും ആർക്ക് എന്ത് സഹായമാണ് ലഭ്യമാക്കുന്നത് എന്നും, ഇതിനായുള്ള അപേക്ഷകളുടെ മാതൃകകളും, അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങിനെയെന്നതും അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>തെരുവ് കച്ചവടക്കാർ</u>

5922 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരുവ് കച്ചവടക്കാരെ സംരക്ഷിക്കുന്നതിനും തൊഴിൽ ഉറപ്പാക്കുന്നതിനുമുള്ള പദ്ധതിക്ക് രൂപം നൽകുമോ;

(ബി) തെരുവ് കച്ചവടക്കാരെ അധികൃതർ അനാവശ്യമായി ശല്യപ്പെടുത്തുന്നതു തടയാൻ നടപടി സ്വീകരിക്കുമോ ;

(സി) നിരത്തിലെ ശുചിത്വം പാലിക്കുന്നതിന് തെരുവ് കച്ചവടക്കാരെകൂടി പങ്കെടുപ്പിച്ചു കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഒരു സമഗ്ര പദ്ധതി നടപ്പിലാക്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>സിവിൽ സർവ്വീസ് പരീക്ഷകളിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധ പരിശീലനം</u>

5923 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് പരീക്ഷയിൽ ഈ വർഷം സംസ്ഥാനത്ത് നിന്ന് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ വിജയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സിവിൽ സർവ്വീസ് പരീക്ഷയിൽ സംസ്ഥാനത്ത് ആകെ വിജയിച്ചവർ എത്രയാണ്; അഖിലേന്ത്യാ തലത്തിലുള്ള വിജയികൾ എത്രയാണ്; അതിൽ എത്ര ന്യൂനപക്ഷങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സിവിൽ സർവ്വീസ് പരീക്ഷകളിൽ ന്യൂനപക്ഷ വിഭാഗത്തിൽപെട്ടവർക്ക് വിജയം കൈവരിക്കുന്നതിന് ആവശ്യമായ വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് ന്യൂനപക്ഷ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കുന്നതിന് അർഹരായ ന്യൂനക്ഷങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?